## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

## വിചാരണ നേരിടുന്ന പോലീസുകാർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1927

ചോദ്യം

ശ്രീ. എം. നൗഷാദ്

07/03/2017-ൽ മറുപടി

മറുപടി

ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ കേസിൽ വിചാരണ നേരിടുന്ന ഉദ്യോഗസ്ഥരുണ്ടോ; എങ്കിൽ അവരുടെ പേരുവിവരങ്ങളും വിശദാംശങ്ങളും ലഭ്യമാക്കാമോ; അവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഇതിനു പുറമേ ഉണ്ണിത്താൻ വധശ്രമ കേസുമായി ബന്ധപ്പെട്ട് (ശാസ്താംകോട്ട പി.എസ്.ക്രൈം നമ്പർ 441/2011 എന്ന കേസ്സ് പിന്നീട് സി.ബി.ഐ-ക്ക് കൈമാറുകയുണ്ടായി.) ഡി.വൈ.എസ്.പി-മാരായിരുന്ന ശ്രീ.സന്തോഷ് നായർ, ശ്രീ.എൻ.അബ്ദുൾ റഷീദ് എന്നീ പോലീസ് ഉദ്യോഗസ്ഥരെ സി.ബി.ഐ.ക്രൈം നമ്പർ R.C.I(s)/2012/ SCB TVM പ്രകാരം അന്വേഷണം നടത്തി ടി ഉദ്യോഗസ്ഥരെ പ്രതിയാക്കി തിരുവനന്തപുരം സി.ബി.ഐ കോടതി മുമ്പാകെ കുറ്റപത്രം കൊടുത്തിട്ടുള്ളതും ടി കേസ്സ് ഇപ്പോൾ തിരുവനന്തപുരം സി.ബി.ഐ യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.കെ.ജെ ഡാർവിൻ ബഹു.കോടതിയുടെ അനുമതി പ്രകാരം തുടരന്വേഷണം നടത്തി വരികയാണ്. |
| (ബി) | സംസ്ഥാന പോലീസ് സേനയിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോ; എങ്കിൽ അവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ? | ഉണ്ട്. സംസ്ഥാന പോലീസ് സേനയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധം II - ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്